## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 91 | 28.10.2019- ൽ മറുപടിക്ക് |
|---|---|

## ഒറ്റപ്പാലത്തെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി. ഉണ്ണി : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ)<br>(ബി)<br>&<br>(സി) | റീബിൽഡ് കേരള പദ്ധതിയിൽ സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലാടിസ്ഥാനത്തിലുള്ള നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തത്തിലുള്ള പദ്ധതികൾ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.<br><br>അതിജീവനക്ഷമത മുൻനിറുത്തി, നവീന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് RKI യുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്തു വകുപ്പിന്റെ റോഡുകളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പാലക്കാട്- പെരിന്തൽമണ്ണ റോഡ് (36.8 KM) ഉൾപ്പെടുത്താൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | 2018, 2019 വർഷങ്ങളിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചുവെന്നതിന്റെ വിശദാംശം നൽകാമോ; | | |
| (സി) | പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി ഇനി ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാനുള്ളത് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ